# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേ ളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1822

08-06-2018 ൽ
മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. വി. കെ. സി. മമ്മത് കോയ | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1 സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>2 വിധവ/വിവാഹബന്ധം വേർപ്പെട്ടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ /പുനരുദ്ധാരണ പദ്ധതി.<br>3 ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.<br>4 സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ- റീ ഇംബേഴ്സ്മെന്റ് സ്കീം.<br>5 എസ്. എസ്. എൽ. സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ ബിരുദ/ ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.<br>6 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.<br>7 സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.<br>8 ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>9 സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.<br>10 മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>11 മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധന സഹായ പദ്ധതി.<br>12 എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. |

13 വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP)

14 മദ്രസ്സാക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി

15 മദ്രസ്സാക്ഷേമനിധി അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

16 മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന പലിശ രഹിത ഭവനവായ്പാ പദ്ധതി.

<u>ഈ സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ള പുതിയ പദ്ധതികൾ</u>

1 നേഴ്സിങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുള്ള സ്കോളർഷിപ്പ് പദ്ധതി.

2 സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

3 ന്യൂനപക്ഷ യുവജനങ്ങൾക്കുള്ള പ്രീ മാരിറ്റൽ കൗൺസിലിങ് പദ്ധതി

**(ബി)** കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്താൽ നടപ്പാക്കി വരുന്ന മൾട്ടി സെക്ടറൽ ഡവലപ്മെന്റ് പ്രോഗ്രാമിൽ (എം.എസ്.ഡി.പി) ഏതെല്ലാം മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

**(ബി)** വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് കേന്ദ്രവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നിലവിൽ നടപ്പിലാക്കുന്നത്.
വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെ നിർമ്മാണം, ആരോഗ്യ മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലദൗർല്ലഭ്യം അനുഭവിക്കുന്നവർക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

**(സി)** ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള സ്കോളർഷിപ്പുകൾ ഏതൊക്കെയാണ്;

**(സി)** ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന സ്കോളർഷിപ്പുകൾ നൽകി വരുന്നു.

1. പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
2. സി.എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ്
3. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സു കൾക്ക് പഠിക്കുന്നവർക്കുള്ള സ്ക്കോളർഷിപ്പ്
4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക്

പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ്

5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് റീ ഇംബേഴ്സ്മെന്റ്
6. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
7. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ്

കൂടാതെ ഈ സാമ്പത്തിക വർഷം നേഴ്സിങ് /പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുള്ള സ്കോളർഷിപ്പ് പദ്ധതിക്കും, സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്കായി നടപ്പാക്കി വരുന്ന കരിയർ ഗൈഡൻസ് പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ഡി) വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠനമേഖലകൾ കണ്ടെത്തുന്നതിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നൽകി വരുന്നു. ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് 30% സീറ്റുകൾ പെൺകുട്ടികൾക്കും 20% സീറ്റുകൾ മറ്റു ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്കും സംവരണം ചെയ്തിരിക്കുന്നു. കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം, നേതൃത്വ പാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകരാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്.

**സെക്ഷൻ ഓഫീസർ**